"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ഗ്രീൻബുക്ക് പ്രപ്പോസൽ-ബ്രിഡ്ജ് ലോൺ വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനു വേണ്ടി 108,46,48,628/- രൂപ കെ.യു.ആർ.ഡി.എഫ്.സി യുടെ 67113187948 എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ(ഡി.ബി) വകുപ്പ്

G.O.(Ms)No.71/2019/LSGD തീയതി,തിരുവനന്തപുരം, 22-06-2019

പരാമർശം:- 1 22.03.2019 തീയതിയിലെ സ.ഉ(സാധാ) നം.688/2019 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2 22-05-2019 തീയതിയിലെ സ.ഉ(സാധാ) നം.1028/2019 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

3 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 10-06-2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/എ2/713/2019(3), 12-06-2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി /എ2/713/2019(4), 13-06-2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി /എ2/713/2019(2) എന്നീ നമ്പർ കത്തുകൾ

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/06/2019 തീയതിയിലെ എൽ.എഫ് 5718/19 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയ്ക്കു വേണ്ടിയുള്ള ഹഡ്കോ വായ്പയുടെ 3-ാം ഗഡു തുക ലഭ്യമാകുന്നതിന് കാലതാമസം നേരിട്ട സാഹചര്യത്തിൽ, ഹഡ്കോയുടെ മൂന്നാം ഗഡു വായ്പ തുക ലഭിക്കുമ്പോൾ തിരികെ ഒടുക്കാമെന്ന വ്യവസ്ഥയിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി വഴി ലൈഫ് മിഷനു വേണ്ടി 425 കോടി രൂപ ബ്രിഡ്ജ് ലോണായി വായ്പ എടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയുണ്ടായി. തുടർന്ന് പരാമർശം (3)പ്രകാരം എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന ലൈഫ് മിഷനു വേണ്ടി എടുത്ത 425 കോടി രൂപയുടെ ബ്രിഡ്ജ് ലോൺ , ലൈഫ് മിഷൻ പദ്ധതിയ്ക്ക് നൽകുന്ന സ്റ്റേറ്റ് ഷെയർ വായ്പയാക്കുന്നതിനും ബ്രിഡ്ജ് ലോൺ തിരിച്ചടവ് ലൈഫ് മിഷൻ പദ്ധതിക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാനും ഉത്തരവായിരുന്നു.

2. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലൈഫ് മിഷനു വേണ്ടി എടുത്തിട്ടുള്ള 425 കോടി രൂപയുടെ ബ്രിഡ്ജ് ലോൺ മുഴുവനായി തീർപ്പാക്കുന്നതിന് 4,35,38,79,400/- രൂപ ആവശ്യമാണെന്നും എന്നാൽ പരമാവധി 13 തവണകളായി വായ്പ തിരിച്ചടയ്ക്കാമെന്ന നിബന്ധന എറണാകുളം ജില്ലാ സഹകരണ ബാങ്കുമായി ഒപ്പു വച്ച കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ഗ്യാപ് ഫണ്ടിംഗിന് ലോൺ അനുവദിക്കുന്നത് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായതിനാൽ ബ്രിഡ്ജ് ലോൺ അടിയന്തരമായി തീർപ്പാക്കണമെന്ന് എറണാകുളം ജില്ലാ സഹകരണ ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ബ്രിഡ്ജ് ലോൺ തിരിച്ചടവിന് കടിശ്ശിക വരുത്തിയിരിക്കുന്ന തുകയെങ്കിലും അടിയന്തരമായി അടയ്ക്കേണ്ടതുണ്ട് എന്നും 30.06.2019 - വരെ കടിശ്ശിക ഇനത്തിൽ അടയ്ക്കേണ്ട തുക (മുതൽ + പലിശ + പിഴ പലിശ ഉൾപ്പെടെ) 1,08,46,48,628/- രൂപയാണ് എന്നും ഈ തുക ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടിയുള്ള 4515-00-102-49 സമ്പൂർണ്ണ ഭവന പദ്ധതി Rural life - Parppida Mission എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് കെ.യു.ആർ.ഡി.എഫ്.സി യുടെ 6713187948 എന്ന അക്കൗണ്ടിലേക്ക് മാറ്റി നൽകണമെന്നും കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സംസ്ഥാന വിഹിതം നൽകുന്നതിനു വേണ്ടി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2019 മാർച്ച് 26 ന് 425 കോടി രൂപ ബ്രിഡ്ജ് ലോണായി എടുത്തിരുന്നുവെന്നും ടി വായ്പയുടെ ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിലെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനു വേണ്ടി ആവശ്യമായ108,46,48,628/- രൂപ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള XXXVI Rural Development - 4515-00-102-49 (Plan) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 381.62 കോടി രൂപയിൽ നിന്നും അനുവദിക്കാവുന്നതാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലൈഫ് മിഷനു വേണ്ടി എടുത്തിട്ടുള്ള 425 കോടി രൂപയുടെ ബ്രിഡ്ജ് ലോൺ വായ്പയുടെ ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിലെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനു വേണ്ടി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള XXXVI Rural Development - 4515-00-102-49 (Plan) എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ള 381.62 കോടി രൂപയിൽ നിന്നും 108,46,48,628/- രൂപ ( നൂറ്റി എട്ടു കോടി നാൽപ്പത്തി ആറു ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി അറുനൂറ്റി ഇരുപത്തിഎട്ട് രൂപ)കെ.യു.ആർ.ഡി.എഫ്.സി യുടെ 6713187948 എന്ന അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

മാനേജിംഗ് ഡയറക്ടർ. കെ.യു.ആർ.ഡി സി
ജില്ലാപ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, കാക്കനാട് കൊച്ചി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്